# <u>കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം</u>

നമ്പർ-F1/14291/18 തീയതി- 20.08.2018

## <u>സർക്കുലർ നമ്പർ 29/ 2018-2019</u>

വിഷയം- സംസ്ഥാനത്തെ പ്രളയക്കെടുതി ദുരിതാശ്വാസം- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നത് - പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 1. ബഹു: ബോർഡ് ചെയർമാന്റെ നിർദ്ദേശം.
2. 18.08.2018 ലെ സ.ഉ.(അച്ചടി) നമ്പർ 134/2018/ധന നമ്പരായുള്ള ഉത്തരവ്.
3. 14.08.2018 ലെ 74/2018/ധന നമ്പർ സർക്കാർ ഉത്തരവ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നതിന് സൂചന (2) , (3) പ്രകാരം സർക്കാർ ഉത്തരവായ സാഹചര്യത്തിൽ ആയത് ബോർഡ് ജീവനക്കാർക്കും ബാധകമാക്കിയിരിക്കുന്നു.

ബഹു:ബോർഡ് ചെയർമാന്റെ നിർദ്ദേശത്തിന്റേയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ജീവനക്കാരിൽ നിന്നും 2 ദിവസത്തെ ശമ്പളവും കൂടാതെ 2750/- രൂപ നിരക്കിൽ അനുവദിക്കേണ്ടിയിരുന്ന ഉത്സവ ബത്തയും എല്ലാ ഓഫീസുകളിൽ നിന്നും ജില്ലാ കമ്മിറ്റി തലത്തിൽ ശേഖരിച്ച് എസ്.ബി.ഐ.യുടെ 10245051076 എന്ന അക്കൗണ്ട് നമ്പറിലേയ്ക്ക് (IFSCode SBIN0009122, Branch Lissie Hospital) The Chief Executive, Kerala Headload Workers Welfare Board എന്ന പേരിൽ ഇന്ന് തന്നെ (20.08.2018) ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.ടി. ചെയ്യേണ്ടതും ആയതിന്റെ ലിസ്റ്റ് <u>khwwboardfinance@gmail.com</u> എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ച് തരേണ്ടതാണ്.

കുറിപ്പ്- രണ്ട് ദിവസത്തെ ശമ്പളം കണക്കാക്കേണ്ട രീതി.

2 ദിവസത്തെ ശമ്പളം= $\frac{(pay+DA+HRA+CCA)}{30} \times 2$

ഇതിനോടകം ഉത്സവ ബത്ത കൈപ്പറ്റിയ ജീവനക്കാരുണ്ടെങ്കിൽ ഈ മാസ ശമ്പളത്തിൽ നിന്നോ അഥവാ ടി മാസ ശമ്പളം ഇതിനോടകം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ സെപ്റ്റംബർ മാസ ശമ്പളത്തിൽ നിന്നോ ആയത് തിരിച്ച് പിടിക്കുവാൻ നിർദ്ദേശം നൽകുന്നു.

ഇതിന് പുറമേ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിൽ അംഗമായ തൊഴിലാളികളിൽ നിന്നും 600/- രൂപ വീതം വേതനത്തിൽ നിന്നും പിടിക്കുന്നതിനും ആയത് മുൻകൂറായി ജില്ലാ കമ്മിറ്റി വഴി ക്രോഡീകരിച്ച് ഇന്ന് (20.08.2018) തന്നെ മുകളിൽ പറഞ്ഞിരിക്കുന്ന അക്കൗണ്ടിലേയ്ക്ക് ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.ടി. ചെയ്യേണ്ടതും ടി ഇനത്തിൽ ഒരോ ഓഫീസും സമാഹരിച്ച തുക ഓഫീസ് തിരിച്ച് കമ്മിറ്റി തലത്തിൽ ക്രോഡീകരിച്ച് സ്റ്റേറ്റ്മെന്റ് ആയി അയച്ചു തരേണ്ടതുമാണ്. തുടർന്ന് ആഗസ്റ്റ് മാസ വേതനം വിതരണം ചെയ്യുമ്പോൾ ടി തുക അതാത് തൊഴിലാളിയുടെ വേതനത്തിൽ നിന്നും കിഴിവ് ചെയ്ത് കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.

(ഒപ്പ്)

**ചീഫ് എക്സിക്യൂട്ടീവ് (I/C)**

**<u>സ്വീകർത്താവ്</u>**

എല്ലാ കമ്മിറ്റി ചെയർമാന്മാർക്കും

// ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്